# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1181 20.03.2012 - ൽ മറുപടിക്ക്**

## സംസ്ഥാനത്തെ റോഡുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി :** | | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റോഡുകളുടെ നില മെച്ചപ്പെടുത്തുന്നതിനു വേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നത് എന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന റോഡുകളും നിലവിലുള്ള സംസ്ഥാന പാതകളും മേജർ ജില്ലാ റോഡുകളും പുനരുദ്ധാരണ പ്രവൃത്തികളോടൊപ്പം ബി. എം. ആന്റ് ബി. സി. ഉപയോഗിച്ചു നിർമ്മിക്കുന്നതിനും നിലവിലുള്ള റോഡുകളുടെ വീതി ഏറ്റവും കുറഞ്ഞത് 5.50 മീറ്ററെങ്കിലും ആക്കി വികസിപ്പിക്കുന്നതിനും റോഡുകളുടെ മെയിന്റനൻസിന് ദീർഘകാല ഗ്യാരന്റിയോടു കൂടിയ ഹെവി മെയിന്റനൻസ് നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വിഭാഗത്തിലുംപെടുന്ന എത്ര കിലോമീറ്റർ റോഡുകൾ പുതുക്കിപ്പണിതു എന്നതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) | ദേശീയപാതാ വിഭാഗത്തിൽ 132.46 കി.മീ. റോഡും CRF വിഭാഗത്തിൽപ്പെടുത്തി 150 കി.മീ. റോഡുകളും പുതുക്കിപ്പണിതിട്ടുണ്ട്.<br><br>പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പുതുക്കിപ്പണിത റോഡുകളുടെ |

വിശദാംങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) സംസ്ഥാനത്തെ ദേശീയപാതകളെ സമയബന്ധിതമായി നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) എൻ. എച്ച്. 47 - ഉം എൻ. എച്ച്. 17 - ഉം NHDP Phase III –ൽ ഉൾപ്പെടുത്തി BOT വ്യവസ്ഥയിൽ 4/6 വരി പാതയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബാക്കിയുള്ള അഞ്ച് പാതകളായ എൻ. എച്ച്. 49, 208, 212, 213, 220 എന്നിവ NHDP Phase IV – ൽ ഉൾപ്പെടുത്തി PPP Scheme – ൽ DBFOT വ്യവസ്ഥയിൽ പേവ്ഡ് ഷോൾഡറോഡുകൂടിയ രണ്ടു വരി പാതയായി വികസിപ്പിക്കുന്നതിനു നടപടികളും സ്വീകരിച്ചു വരുന്നു.

കൂടാതെ എൻ. എച്ച്. 220, 47 A, 17, 212 എന്നീ ദേശീയപാതകളിൽ IRQP Scheme – ൽ ഉൾപ്പെടുത്തി അഞ്ച് പ്രവർത്തികൾക്ക് 40.36 കോടി രൂപയുടെ അനുമതിയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന ബാഹുല്യത്തിന്റെയടിസ്ഥാനത്തിൽ റോഡുകളുടെ സ്ഥിതി എത്രത്തോളം വർദ്ധിപ്പിക്കേണ്ടിവരുമെന്നും, അതിനായി സർക്കാർ കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ ?

(ഡി) സംസ്ഥാനത്ത് സമഗ്രമായ ഒരു റോഡു നയം രൂപീകരിക്കുന്നതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

| ഡിവിഷൻ | സംസ്ഥാന ഹൈവേയ്ക്കു കീഴിൽ പുതുക്കിപ്പണിത റോഡുകളുടെ നീളം (കി.മീറ്റർ). | മേജർ ഡിസ്ട്രിക്റ്റ് റോഡ്. (കി.മീറ്റർ). | ആകെ (കി.മീറ്റർ). |
|---|---|---|---|
| തിരുവനന്തപുരം | 11 | 445.290 | 456.290 |
| കൊല്ലം | 30 | 272.000 | 302.00 |
| ആലപ്പുഴ | 3.75 | 137.295 | 141.045 |
| പത്തനംതിട്ട | 23.0 | 207.00 | 230.00 |
| കോട്ടയം | 42 | 375.00 | 417.00 |
| ഇടുക്കി | 67.100 | - | 67.100 |
| മൂവാറ്റുപുഴ | 50.00 | 405.71 | 455.710 |
| എറണാകുളം | 40.00 | 194.280 | 234.280 |
| തൃശ്ശൂർ | 13.100 | 256.700 | 269.800 |
| പാലക്കാട് | 19.000 | 174.000 | 193.000 |
| മലപ്പുറം | 78.600 | 175.670 | 254.270 |
| കോഴിക്കോട് | 15.00 | 150.00 | 165.00 |
| വയനാട് | 5.600 | 140.900 | 146.500 |
| കണ്ണൂർ | 32.000 | 229.340 | 261.340 |
| കാസർഗോഡ് | 28.000 | 285.000 | 313.000 |